**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് - അനധികൃതമായി ജോലിക്ക് ഹാജരില്ലായ്മ - അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ ഡോ.എസ്.ലില്ലിക്കെതിരെയുള്ള അച്ചടക്ക നടപടികൾ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (എഫ്) വകുപ്പ്**

**സ.ഉ(സാധാ.) നം.639/2017/തൊഴിൽ. തിരുവനന്തപുരം,തീയതി:16.05.2017**

---

പരാമർശം:-
1) സ.ഉ.(സാധാ) നം. 65/98/തൊഴിൽ, തീയതി, 06.01.1998.
2) സ.ഉ.(സാധാ) നം. 1236/03/തൊഴിൽ, തീയതി, 15.05.2003
3) ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് ഡയറക്ടറുടെ 21.04.2008 ലെ ഇ 1-8382/2008/ഡി.ഐ.എം.എസ് നമ്പർ കത്ത്
4) 01.03.2014 ലെ 24633/എഫ്1/13/തൊഴിൽ നമ്പർ കത്ത്
5) ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് ഡയറക്ടറുടെ 05.05.2014 ലെ ഇ 3-20266/2013/ഡി.ഐ.എം.എസ് നമ്പർ കത്ത്
6) ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് ഡയറക്ടറുടെ 18.07.2014 ലെ ഡി3-13669/2014/ഡി.ഐ.എം.എസ്(1) നമ്പർ ഉത്തരവ്
7) ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് ഡയറക്ടറുടെ 14.10.2014 ലെ ഡി.3-13669/2014/ഡി.ഐ.എം.എസ് നമ്പർ കത്ത്
8) 28.10.2014 ലെ 24633/എഫ്1/13/തൊഴിൽ നമ്പർ കുറ്റപത്രം.
9) സ.ഉ.(സാധാ) നം. 562/2015/തൊഴിൽ, തീയതി, 29.04.2015
10) ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് ഡയറക്ടറുടെ 23.01.2016 ലെ ഡി3-13669/2014/ഡി.ഐ.എം.എസ് നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ ദക്ഷിണമേഖലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ട്.
11) 10.03.2016 ലെ 24633/എഫ്1/13/തൊഴിൽ നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
12) ഡോ.ലില്ലി. ജോസ്, 03.04.2016 തീയതിയായി കാരണം കാണിക്കൽ നോട്ടീസിന് സമർപ്പിച്ച മറുപടി.
13) ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് ഡയറക്ടറുടെ 30.06.2016 ലെ ഡി.3-13669/2014/ഡി.ഐ.എം.എസ് നമ്പർ കത്ത്
14) കേരള പബ്ലിക് സർവീസ് കമ്മീഷൻ സെക്രട്ടറിയുടെ 13.03.2017 ലെ എ 1(3) 7035/16/ജി.ഡബ്ല്യു. നമ്പർ കത്ത്.

**ഉത്തരവ്**

ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പിലെ അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ ഡോ. എസ്. ലില്ലിക്ക് (ലില്ലി ജോസ് എന്ന പേരിലാണ് അപേക്ഷകൾ സമർപ്പിച്ചിരിക്കുന്നത്) പരാമർശം - 1 പ്രകാരം 18.03.1998 മുതൽ 5 വർഷത്തേക്ക് ശൂന്യാവേതനാവധി അനുവദിച്ചിരുന്നു. പ്രസ്തുത ശൂന്യവേതനാവധി 18.03.2003 മുതൽ 5 വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് പരാമർശം - 2 പ്രകാരവും ഉത്തരവ് പുറപ്പെടുവിച്ചു

അനുവദനീയമായ അവധി കഴിഞ്ഞ് 18.03.2008 ൽ ജോലിയിൽ പ്രവേശിക്കേണ്ട ഡോ.എസ്.ലില്ലി
ജോലിയിൽ പ്രവേശിക്കുകയുണ്ടായില്ല. പകരം 19/03/2008 മുതൽ 5 വർഷത്തേക്ക് കൂടി
ശൂന്യവേതനാവധി ദീർഘിപ്പിച്ച് കിട്ടുന്നതിനായി അപേക്ഷ സമർപ്പിച്ച ശേഷം ടിയാൾ
അനധികൃതമായി ജോലിയിൽ നിന്ന് വിട്ടുനിൽക്കുകയായിരുന്നു. അവധി
അനുവദിക്കാനാകില്ലായെന്നും ഉടൻ ജോലിയിൽ പ്രവേശിക്കണമെന്നും പരാമർശം -3 ലെ കത്ത്
പ്രകാരം ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ നിർദ്ദേശിച്ചിരുന്നു. എന്നാൽ
ടിയാൾ നിർദ്ദേശം അനുസരിക്കാതെ അനധികൃത ഹാജരില്ലായ്മയിൽ തുടരുകയാണുണ്ടായത്.

2) പരാമർശം - 4 പ്രകാരം ടി വ്യക്തിയോട് ഒരു മാസത്തിനകം ജോലിയിൽ
പ്രവേശിക്കണമെന്ന നിർദ്ദേശം നല്കുവാൻ ഡയറക്ടറോട് അഭ്യർത്ഥിച്ചിരുന്നു. തുടർന്ന് പരാമർശം -5
പ്രകാരം ഡയറക്ടർ നിർദ്ദേശം നൽകിയിരുന്നെങ്കിലും പ്രസ്തുത കത്ത് 'Addressee left India'
എന്ന് രേഖപ്പെടുത്തി തപാൽ വകുപ്പ് തിരിച്ചയച്ചു. തുടർന്ന് പരാമർശം -6 ലെ ഉത്തരവ് പ്രകാരം ടി
വ്യക്തിയെ സർവീസിൽ നിന്ന് സസ്പെന്റ് ചെയ്യുകയും 1960-ലെ കെ.സി.എസ്. (സി.സി.ആന്റ്
എ) റൂൾസ് പ്രകാരമുള്ള അച്ചടക്ക നടപടികൾ സർക്കാർ തലത്തിൽ ആരംഭിക്കുകയും ചെയ്തു.

3) അച്ചടക്ക നടപടിയുടെ ഭാഗമായി പരാമർശം 8 പ്രകാരം പുറപ്പെടുവിച്ച കുറ്റപത്രം ടി
വ്യക്തി കൈപ്പറ്റാതെ തിരികെ ലഭിച്ചതിനാൽ 06/02/2015-ലെ മാതൃഭൂമി, ദേശാഭിമാനി പത്രങ്ങളിൽ
പ്രസിദ്ധപ്പെടുത്തിയിരുന്നു. കുറ്റപത്രത്തിന് ടിയാൾ മറുപടി സമർപ്പിക്കാത്തതിനാൽ 1960-ലെ
കെ.സി.എസ്. (സി.സി.ആന്റ് എ) റൂൾസ്, റൂൾ 15 പ്രകാരം ഔപചാരിക അന്വേഷണം നടത്തി
റിപ്പോർട്ട് സമർപ്പിക്കാൻ പരാമർശം 9 പ്രകാരം ദക്ഷിണ മേഖലാ റീജിയണൽ ഡെപ്യൂട്ടി
ഡയറക്ടറെ നിയോഗിച്ചിരുന്നു. പരാമർശം 10 പ്രകാരം സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിൽ,
അക്കൗണ്ടന്റ് ജനറൽ നൽകിയ കത്ത് പ്രകാരം 19/03/1998 ലാണ് ഡോ.ലില്ലി.എസ്
ശൂന്യവേതനാവധിയിൽ പ്രവേശിച്ചതെന്നും അവധി 18/03/2008-ൽ അവസാനിച്ചതിനാൽ
ടിയാളുടെ അനധികൃത ഹാജരില്ലായ്മ 19/03/2008 മുതലാണെന്നും കുറ്റപത്രത്തിൽ ഇത്തരത്തിൽ
ഭേദഗതി വരുത്തണമെന്നും സൂചിപ്പിച്ചിരുന്നു. അന്വേഷണ റിപ്പോർട്ട് പ്രകാരമുള്ള തീയതിയിലെ
ഭേദഗതി കാരണം കാണിക്കൽ നോട്ടീസിൽ ഉൾപ്പെടുത്തി. 10/12/2015-ൽ നടന്ന അന്വേഷണത്തിൽ
ഹാജരായ ഡോ.എസ്.ലില്ലി, തനിക്ക് തിരികെ ജോലിയിൽ പ്രവേശിക്കാൻ താല്പര്യമുണ്ടെന്നും
അവധി അനുവദിച്ച് കിട്ടുമെന്ന പ്രതീക്ഷയിലാണ് തിരികെ ജോലിയിൽ കയറാതിരുന്നതെന്നും
ഇത് അനധികൃത ഹാജരില്ലായ്മയായി കണക്കാക്കുമെന്ന് അറിയില്ലായിരുന്നുവെന്നും സർവീസിൽ
പ്രവേശിക്കാനുള്ള അറിയിപ്പോ കുറ്റപത്രമോ സസ്പെൻഷൻ ഉത്തരവോ തനിക്ക് ലഭിച്ചിട്ടില്ലായെന്നും
പറഞ്ഞു. ഗസറ്റഡ് പദവിയിൽ 12 വർഷത്തോളം സർവീസിലുണ്ടായിരുന്ന ഡോ.ലില്ലി. എസ്-ന്
അനധികൃത ഹാജരില്ലായ്മ അച്ചടക്ക നടപടിക്ക് കാരണമാകുമെന്നത് അറിയാൻ
കഴിയില്ലായെന്നത് മുഖവിലക്കെടുക്കാൻ കഴിയുന്ന വാദഗതിയല്ലെന്നും ടി വ്യക്തിയുടെ
വിലാസത്തിലേക്കയച്ച രേഖകൾ ലഭിക്കാത്തത് ടി വ്യക്തി അനുമതിയില്ലാതെ
വിദേശത്തായിരുന്നതിനാലാണെന്ന് അനുമാനിക്കുന്നതായും ഡോ.എസ്.ലില്ലിക്കെതിരായ
കുറ്റപത്രത്തിലെ രണ്ട് കുറ്റങ്ങളും നിലനിൽക്കുന്നതാണെന്നും ആയതിനാൽ ടിയാൾക്കെതിരെ
ഉചിതമായ അച്ചടക്ക നടപടികൾ സ്വീകരിക്കാവുന്നതാണെന്നും അന്വേഷണ ഉദ്യോഗസ്ഥ ശുപാർശ
ചെയ്തിരുന്നു.

4) അന്വേഷണ റിപ്പോർട്ട് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ്
ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ ഡോ.ലില്ലി എസ്-നെ, ടിയാൾ അനധികൃതമായി
ഹാജരാകാതിരുന്ന 19/03/2008 പ്രബല്യത്തിൽ സർവീസിൽ നിന്ന് നീക്കം ചെയ്യാൻ താല്കാലിക
തീരുമാനമെടുത്ത് പരാമർശം-11 പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. കാരണം
കാണിക്കൽ നോട്ടീസിന് പരാമർശം- 12 പ്രകാരം ടി വ്യക്തി സമർപ്പിച്ച മറുപടിയിൽ അവധി
ദീർഘിപ്പിച്ച് കിട്ടുന്നതിനായി അവധി അപേക്ഷ സമർപ്പിച്ചിരുന്നതായും ഇത്രയും നാളത്തെ
ഹാജരില്ലായ്മ ലീവായി പരിഗണിച്ച് ജോലിയിൽ തിരികെ പ്രവേശിക്കാൻ അനുവദിക്കണമെന്നും
അപേക്ഷിച്ചു.

5) കാരണം കാണിക്കൽ നോട്ടീസിന് ഡോ.ലില്ലി.എസ് സമർപ്പിച്ച മറുപടിയിന്മേൽ ഡയറക്ടർ പരാമർശം 13 പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ഡോ.ലില്ലി.എസ് എന്ന് സർവീസ് രേഖകളിൽ പേരുള്ള ടി മെഡിക്കൽ ഓഫീസർ തന്റെ ഔദ്യോഗിക പേരു പോലും കൃത്യമായി എഴുതാതെ ഡോ.ലില്ലിജോസ് എന്ന പേരിലാണ് അപേക്ഷ സമർപ്പിച്ചിരിക്കുന്നതെന്നും പ്രസ്തുത അപേക്ഷ യാതൊരു പരിഗണനയും അർഹിക്കുന്നില്ലായെന്നും ഡയറക്ടർ അറിയിച്ചു. ജോലിയിൽ പ്രവേശിക്കുവാൻ നിർദേശിച്ചിട്ടും യഥാസമയം ജോലിയിൽ പ്രവേശിക്കാതെ ഇപ്പോൾ ജോലിയിൽ പ്രവേശിക്കുവാൻ തയാറായിരിക്കുന്നത് ആതുര സേവനത്തിനല്ല മറിച്ച് സർവീസിൽ നിന്നും വിരമിക്കുമ്പോൾ ലഭ്യമാകുന്ന ആനുകൂല്യത്തെ കണ്ടുകൊണ്ടാണെന്നും ആയതിനാൽ അപേക്ഷ യാതൊരു പരിഗണനയും അർഹിക്കുന്നില്ലായെന്നും ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

6) കാരണം കാണിക്കൽ നോട്ടീസിന് ഡോ.എസ്.ലില്ലി. സമർപ്പിച്ചിരിക്കുന്ന മറുപടി തൃപ്തികരമല്ലാത്ത സാഹചര്യത്തിൽ 19.03.2008 മുതൽ അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുന്ന ഡോ.എസ്.ലില്ലി യെ പ്രസ്തുത തീയതി പ്രാബല്യത്തിൽ സർവീസിൽനിന്നും നീക്കം ചെയ്യുവാൻ സർക്കാർ താല്ക്കാലിക തീരുമാനമെടുക്കുകയും അതിന്മേൽ കേരള പബ്ലിക്ക് സർവീസ് കമ്മീഷന്റെ ഉപദേശം ആരായുകയും ചെയ്തിരുന്നു. പരാമർശം 14 ലെ കത്ത് പ്രകാരം സർക്കാരിന്റെ താല്ക്കാലിക തീരുമാനത്തോട് കേരള പബ്ലിക്ക് സർവീസ് കമ്മീഷൻ യോജിക്കുകയുണ്ടായി.

7) സർക്കാർ ഇക്കാര്യം പരിശോധിച്ചു. ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പിലെ അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ ഡോ.എസ്.ലില്ലി ജോലിക്ക് ഹാജരാകാതിരിക്കുകയും വകുപ്പ് മേധാവിയുടെയും സർക്കാരിന്റെയും ഉത്തരവുകളോട് പ്രതികരിക്കാതിരിക്കുകയും ചെയ്തിട്ടുണ്ട്. ഡോ.എസ്.ലില്ലിയുടെ പ്രവൃത്തി ഗുരുതരമായ അച്ചടക്ക ലംഘനവും സർക്കാർ സംവിധാനങ്ങളോടുള്ള കടുത്ത അനാദരവും ആണ്. ആയതിനാൽ ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പിലെ അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ ഡോ.എസ്.ലില്ലിയെ 1960 ലെ കേരള സിവിൽ സർവ്വീസസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 11(1)(vii) പ്രകാരം 19.03.2008 തീയതി പ്രാബല്യത്തിൽ സർവീസിൽ നിന്നും നീക്കം ചെയ്യുവാനുള്ള താല്ക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഇതിനാൽ ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
ടോം ജോസ്,
അഡീഷണൽ ചീഫ് സെക്രട്ടറി.

ഡയറക്ടർ, ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്,തിരുവനന്തപുരം
ഡോ.എസ്.ലില്ലി, അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ (ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്/ഡി.ബി.സെൽ), കേരളം, തിരുവനന്തപുരം
സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**<u>മേലെഴുത്ത് കത്ത് നം.ഡി3-13662/2014/ഡി.ഐ.എം.എസ് തീയതി 14.07.2017</u>**

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിൽ ഇൻഷുറൻസ് മെഡിക്കൽ ഓഫീസറായി ജോലി ചെയ്തിരുന്ന ഡോ.ലില്ലി.എസ്സ്-നെ (ലില്ലി ജോസ്) 1960-ലെ കേരള സിവിൽ സർവ്വീസസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം II (1) (vii) പ്രകാരം 19.03.2008 തീയതി പ്രാബല്യത്തിൽ സർവ്വീസിൽ നിന്നും നീക്കം ചെയ്ത ഉത്തരവ് അറിവിലേയ്ക്കായി അയയ്ക്കുന്നു.

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർക്കു വേണ്ടി

സ്വീകർത്താവ്

ഡോ.ലില്ലി.എസ്സ് (ലില്ലി ജോസ്)
'ശ്രേയസ്സ്', കെ.എസ്.ആർ.എ-45,
കാലടി, കരമന.പി.ഒ, തിരുവനന്തപുരം – 695 002.

പകർപ്പ് –
1. റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്, ദക്ഷിണ മേഖല, കൊല്ലം.
2. സൂപ്രണ്ട്, ഇ.എസ്.ഐ.ആശുപത്രി, പേരൂർക്കട.
3. ഇ1 സെക്ഷൻ
4. വെബ് സൈറ്റ്
5. ഫയൽ
6. സ്റ്റോക്ക് ഫയൽ

ടി.കെ.ജെ-22.07.2017/